# HIGHER SECONDARY SCHOOL, ARIMPUR

jiniantonyv@gmail.com Mob: 9946899557

## FIRST MID TERM EXAMINATION 2017-18

Class: X

അടിസ്ഥാന പാഠാവലി

Marks : 20

Time : 45mins

## MALAYALAM - II

1. രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?
നെല്ലു കൂലികിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത്?
കോരൻ ചിന്തിച്ചു? കോരന്റെ ചിന്തകളിൽ തെളിയുന്ന ഭാവം കണ്ടെത്തിയെഴുതുക
   - നിരാശ
   - സങ്കടം
   - പ്രതിഷേധം
   - ഭയം (1)

2. 'അതു കണ്ണുതണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു'. അടിവരയിട്ട പ്രയോഗത്തിനു സമാനഅർത്ഥമുള്ള മറ്റൊരു പ്രയോഗം കണ്ടെത്തിയെഴുതുക (1)

3. "അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു. വൃദ്ധനെ തകഴിയിൽ തനിച്ചിട്ടു താൻ തന്റെ സുഖംതേടി പെണ്ണുമായി മറുനാട്ടിൽ പോന്നു. അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്".
അടിവരയിട്ട പദത്തിന് സമാനാർത്ഥം കണ്ടെത്തി എഴുതുക. (1)

4. മാനകഭാഷയിലേക്ക് മാറ്റി എഴുതുക
   - "നാഴി അരി അല്ല്യോ മച്ചൊള്ളു"
   - "അതു മേണ്ട. നീ ഇന്നു വെള്ളം കുടിച്ചതല്ലല്ലോ- എനിക്കു മയറുനിറഞ്ഞു".
   - "ഏനു മേണ്ട, ഏന് മയറ്റില് ഒരു കമ്പിതമൊടി".
   - "തമ്പ്രാ, ഏന് നെല്ല് കൂലി മതി ചക്രം മേണ്ട". (2)

5. "പുഷ്പവേലിൽ ഔസേപ്പിന് ഒരേക്കർ നിലം നികത്തി പുരയിടമാക്കാനുണ്ട്". (രണ്ടിടങ്ങഴി)
ഇതുപോലെ നിങ്ങളുടെ സമീപപ്രദേശത്തുള്ള കൃഷി സ്ഥലം നികത്തുന്ന പ്രവണക്കെതിരെ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്യുന്നതിനുള്ള കുറിപ്പ് തയ്യാറാക്കുക. (3)

6. "അരിയിട്ടു തിളപ്പിച്ച കഞ്ഞി കുടിക്കണം. അവസാനത്തെ ആഗ്രഹം"
അക്കാലത്തെ കൃഷി തൊഴിലാളികളുടെ ജീവിതത്തെകുറിച്ച് നിരവധി സൂചനകൾ പാഠഭാഗത്ത് നിന്ന് കണ്ടെത്താനാകും. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (4)

7. "അപ്പോൾ നമ്മുടെ വേരുകളോ"?
"അതും അമ്മയായ ഈ ഭൂമിയിൽ തന്നെ"
(വേരുകൾ)
നമ്മുടെ വേരുകൾ അമ്മയായ ഭൂമിയിൽ തന്നെയാണെന്നതിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക (4)

8. "ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരുതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞികുടിച്ചു തുടങ്ങി". കഥാപാത്രങ്ങൾ തമ്മിലുള്ള ഊഷ്മളമായ ഹൃദയബന്ധം ആവിഷ്ക്കരിക്കുന്നതിന് നോവലിസ്റ്റ് പുലർത്തുന്ന സൂക്ഷ്മത, മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക. (4)

jiniantonyv@gmail.com 22/07/17 Mob: 9946899557